കടമ്മനിട്ട പടയണി...
ഇന്ത്യൻ ഫോക്‌ലോർ അക്കാദമിയുടെ മുൻ വൈസ് ചെയർമാൻ പ്രൊഫസർ കടമ്മനിട്ട വാസുദേവൻ പിള്ളയുടെ നേതൃത്വത്തിൽ പാട്ട് കൊഴുക്കുമ്പോൾ കോലങ്ങൾ തുള്ളിയുറഞ്ഞു. ബാങ്ക് ജീവനക്കാരനും കലാസ്നേഹിയും സാംസ്കാരികപ്രവർത്തകനും ആയ അച്ഛനൊപ്പം പടയണി കാണാൻ എത്തിയതാണ് കുട്ടി. പടയണിപ്പാട്ട് അവന് നന്നേ ഇഷ്ടപ്പെട്ടു. പിന്നെ അതിലായി അവന്റെ ശ്രദ്ധയും പരിശീലനവും. പടയണിയുടെ നാടല്ലാത്ത കോട്ടയംകാരന് ഇതിനെവിടെ അവസരം? ഒടുവിൽ കാസെറ്റുകൾ കൂട്ടിനെത്തി. ഒരു മൂന്ന് നാല് വർഷം കൂടി പടയണി കാണാനെത്തിയ ബാലൻ പാട്ടുകാരുടെ കൂട്ടത്തിൽ പാട്ടുകൾ ഏറ്റുപാടി.

പിന്നൊരു വർഷം..
നാലാം ക്ലാസ്സുകാരൻ ബാലൻ,"പിശാച്" കോലത്തിന് പ്രധാന പാട്ടുകാരനായി മാധ്യമങ്ങളിൽ നിറഞ്ഞു.
കലയുടെ വിവിധ മേഖലകളിൽ തന്റെ കയ്യൊപ്പ് ചാർത്തിയ അന്നത്തെ ആ ബാലനാണ് ഈ ആഴ്ചത്തെ ടാലന്റഡ് ബാങ്കർ.

**നന്ദുകൃഷ്ണൻ,**
**സൗത്ത് ഇന്ത്യൻ ബാങ്ക്,**
**റീറ്റെയിൽ ഹബ്,**
**ബാംഗ്ലൂർ.**

സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും അസിസ്റ്റന്റ് മാനേജർ ആയി വിരമിച്ച ഗോപിനാഥൻ നായരുടെയും ശ്രീലതാദേവിയുടെയും മകനായി കോട്ടയത്ത് കുമാരനല്ലൂർ ജനിച്ച നന്ദുവിന് കുട്ടിക്കാലത്തേ കലകളോട് വലിയ അഭിനിവേശമായിരുന്നു. അച്ഛനോടൊപ്പം നിരവധി കലാകാരൻമാർ വീട്ടിൽ വരുകയും താമസിക്കുകയും ചെയ്തിരുന്നു. അവരോടൊക്കെ ചങ്ങാത്തം കൂടാൻ ഭാഗ്യം ലഭിച്ച നന്ദുവിന്റെ ഓർമകളിൽ ഇന്നും തിളങ്ങിനിൽക്കുന്നുണ്ട് കുഞ്ഞുണ്ണി മാഷ്, പല്ലാവൂർ അപ്പുമാരാർ തുടങ്ങിയവരോട് ഇടപെടാൻ കിട്ടിയ അവസരങ്ങൾ. അക്കാലത്ത് നാടൻ കലകളോട് വല്ലാത്തൊരു അഭിനിവേശം ആയിരുന്നു നന്ദുവിന്.

പത്താം ക്ലാസ് വരെ ശ്രീ വിദ്യാധിരാജ വിദ്യാഭവനിൽ ആയിരുന്നു നന്ദു. ഇക്കാലത്ത് കുമാരനല്ലൂർ രാധാകൃഷ്ണന്റെ അടുത്ത് പാട്ട് പഠിക്കാൻ പോയെങ്കിലും താളവാദ്യങ്ങളോടുള്ള താല്പര്യം നന്ദുവിനെ പാട്ടിന്റെ ലോകം വിട്ട് കുമരകം ഗണേഷ് ഗോപാലിന്റെ അടുത്ത് എത്തിച്ചു. ഘടം പഠിക്കാൻ എത്തിയ നന്ദുവിനെ മൃദംഗം പഠിക്കാൻ അദ്ദേഹം നിർബന്ധിച്ചെങ്കിലും ഘടം പഠിക്കണം എന്ന നിലപാടിൽ നന്ദു ഉറച്ചു നിന്നു.

താല്പര്യങ്ങളും ഇഷ്ടങ്ങളും മാറി മാറി വന്നപ്പോൾ നന്ദുവിന് ചെണ്ടയോടായി പുതിയ കമ്പം. അങ്ങനെ നന്ദു കുമാരനല്ലൂർ സോമശേഖരമാരാരുടെ ശിഷ്യനായി. അപ്പോഴേക്കും നന്ദു ഹൈസ്കൂളിലെത്തിയിരുന്നു. മത്സരങ്ങളുടെ വേദികളിലേക്ക് നന്ദു എത്തുന്നത് ഈ കാലഘട്ടത്തിൽ ആണ്. അങ്ങനെ തായമ്പകയിൽ തുടർച്ചയായി ഒന്നാം സമ്മാനം, സംസ്ഥാനതലത്തിൽ എ ഗ്രേഡ് എന്നിവ സ്വന്തമാക്കി.

സ്കൂളിന് പുറത്തേക്ക് മത്സരങ്ങളുമായി പോകാൻ നന്ദുവിന് ഏറെ താല്പര്യം ഉണ്ടായിരുന്നെങ്കിലും പലപ്പോഴും അതിന് കഴിഞ്ഞിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് ഓക്കാട്ടൂർ എം ജി എം എൻ എസ് എസ് ഹയർസെക്കന്ററി സ്കൂളിൽ പ്ലസ് ടുവിന് അഡ്മിഷൻ ലഭിക്കുന്നത്. കലകൾക്ക് ഏറെ പ്രാധാന്യം നല്കുകുകയും അവർക്ക് ഏറെ പ്രോത്സാഹനം നൽകുകയും ചെയ്തിരുന്ന ആ സ്കൂളാണ് നന്ദുവിലെ കലാകാരനെ തേച്ചുമിനുക്കിയത്.

ഒരേ മനസ്സും ഒരേ അഭിരുചിയും ഉള്ള ധാരാളം കൂട്ടുകാർ, പ്രോത്സാഹനവുമായി അധ്യാപകർ, ചെണ്ട പഠിക്കുന്നവരെ പഠിപ്പിക്കാൻ പുറത്ത് നിന്നും കലാനിലയം ഉണ്ണികൃഷ്ണന്റെ സാന്നിധ്യവും ശിക്ഷണവും. സ്കൂൾ സമയത്തിന് മുൻപും പിൻപും കടുത്ത പരിശീലനം. തുടർച്ചയായി രണ്ട് വർഷവും നന്ദുവിനും ടീമിനുമായിരുന്നു ചെണ്ടമേളത്തിനും പഞ്ചവാദ്യത്തിനും സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനം.

ഇക്കാലത്തെ ഒരു സംഭവം വിവരിക്കുമ്പോൾ നന്ദുവിന്റെ കണ്ഠമിടറി. ജില്ലാതല മത്സരം കഴിഞ്ഞു വരുന്ന വഴി ഗുരു ഉണ്ണികൃഷ്ണന് അപകടം നേരിടേണ്ടി വന്നു. അദ്ദേഹം ആശുപത്രിയിൽ ആയി. സംസ്ഥാന തല മത്സരം ഉടനെ ഉണ്ടാവും, ആര് പരിശീലിപ്പിക്കും? ആര് തങ്ങൾക്കൊപ്പം നിൽക്കും? നന്ദുവും കൂട്ടുകാരും അധികസമയമെടുത്ത് പരിശീലനം തുടങ്ങി. മത്സരം ദിവസമെത്തി. ശിഷ്യന്മാർ ആശുപത്രിയിലെത്തി ഗുരുവിനെ കണ്ട് ദക്ഷിണ വച്ച് അനുഗ്രഹം വാങ്ങി, വേദിയിൽ കയറുമ്പോൾ ഉള്ള് പിടഞ്ഞെങ്കിലും ഗുരുവിന്റെ അനുഗ്രഹം മനസ്സിൽ നിറഞ്ഞു. മത്സരത്തേക്കാൾ ഗുരുവിനോടുള്ള ആദരവ് പ്രകടിപ്പിക്കുക മാത്രമായി ലക്ഷ്യം. മത്സരഫലം വരുമ്പോൾ അന്നും ഒന്നാംസമ്മാനം നന്ദുവിനും കൂട്ടർക്കും തന്നെ ആയി.

പ്ലസ് ടു കഴിഞ്ഞെന്ത്? എല്ലാ വിദ്യാർത്ഥികൾക്കും ഉണ്ടാകുന്ന ചിന്താക്കുഴപ്പത്തിന്റെ കാലം. ചെണ്ട പഠിക്കാനുള്ള അവസരം ഇല്ലാതാകരുത് എന്ന ചിന്തയായിരുന്നു നന്ദുവിനെ ഏറെ അലട്ടിയത്.

ആയിടക്ക് ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ പെരുവനം സതീശൻ മാരാരുടെ നേതൃത്വത്തിൽ ഒരു മേളം. കോട്ടയത്തുനിന്നും നന്ദു നേരെ ഇരിങ്ങാലക്കുട എത്തി. മേളത്തിന്റെ ഇടവേളയിൽ സതീശൻ മാരാരുടെ മുന്നിൽ അപേക്ഷ വച്ചു "എനിക്ക് അങ്ങയുടെ അടുത്ത് ചെണ്ട പഠിക്കണം, സഹായിക്കണം." അപേക്ഷ ഗുരു സ്വീകരിച്ചപ്പോൾ നന്ദു ബിരുദപഠനം തൃശ്ശൂരാക്കി. ഗുരുവിന്റെ വീടിനടുത്തുള്ള പ്രജ്യോതി നികേതനിൽ. കമ്പ്യൂട്ടർ സയൻസായിരുന്നു വിഷയം. പിന്നെ ജീവിതത്തിലെ സുവർണകാലഘട്ടം. പഠനത്തിനൊപ്പം ധാരാളം പരിപാടികൾ. പെരുവനം സതീശൻ മാരാർ, പെരുവനം കുട്ടൻ മാരാർ, മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, മട്ടന്നൂർ ശിവരാമൻ, കല്ലൂർ രാമൻകുട്ടി മാരാർ, കലാനിലയം ഉദയൻ നമ്പൂതിരി തുടങ്ങിയ മഹാപ്രതിഭകൾക്കൊപ്പം ഇരിങ്ങാലക്കുട, തൃപ്പൂണിത്തുറ, പെരുവനം, ആറാട്ടുപുഴ തുടങ്ങിയ പ്രശസ്തക്ഷേത്രങ്ങളിൽ. സ്വന്തം നാടിന്റെ വരപ്രസാദിനിയായ കുമാരനല്ലൂർ ഭഗവതിക്ക് മുന്നിൽ കൊട്ടാൻ അവസരം ലഭിച്ചത് ഏറ്റവും വലിയ ഭാഗ്യം എന്ന് പറയുമ്പോൾ നന്ദുവിന്റെ വാക്കുകളിൽ സന്തോഷത്തിന്റെ തിരത്തള്ളൽ.

ഇതിനൊപ്പം യൂണിവേഴ്സിറ്റി തലത്തിലുള്ള മത്സരങ്ങളിൽ ഉന്നതവിജയങ്ങൾ. പൗരസ്ത്യവാദ്യസംഗീതത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡി സോൺ വിജയിയായത് എടുത്തുപറയാവുന്ന നേട്ടം.

ബിരുദപഠനം കഴിഞ്ഞ് ബാങ്ക് ജോലിക്ക് തയാറെടുക്കുന്ന കാലത്ത് വീട്ടിലെത്തി തനിക്ക് കൂടുതൽ അറിവ് പകർന്ന മട്ടന്നൂർ ശിവരാമനെക്കുറിച്ച് പറയുമ്പോൾ നന്ദുവിന്റെ വാക്കുകളിൽ ആദരവ് നിറഞ്ഞുനിന്നു. 2010ൽ നന്ദു സൗത്ത് ഇന്ത്യൻ ബാങ്കിൽ ചേർന്നു. ആദ്യ നിയമനം മാർക്കറ്റിംഗ് വിഭാഗത്തിൽ ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഏറ്റുമാനൂർ, വെല്ലൂർ, കഞ്ഞിക്കുഴി, കോട്ടയം, കോട്ടയം മെഡിക്കൽ കോളേജ് തുടങ്ങിയ ശാഖകളിൽ ജോലി ചെയ്ത് 2018ൽ അസിസ്റ്റന്റ് മാനേജരായി സ്ഥാനക്കയറ്റം നേടുകയും ബാംഗ്ലൂർ റീറ്റെയിൽ ഹബ്ബിൽ എത്തുകയും ചെയ്തു.

ബാങ്ക് തന്റെ കലാസപര്യകൾക്ക് ഏറെ പിന്തുണ നൽകുന്നുണ്ടെങ്കിലും ഒരിക്കൽ പോലും അവധിയെടുത്ത് പരിപാടികളിൽ പങ്കെടുക്കാറില്ല എന്നും ബാങ്ക് സമയം കഴിഞ്ഞും അവധി ദിവസങ്ങളിലും മാത്രമാണ് താൻ കലയ്ക്കായി മാറ്റി വയ്ക്കാറുള്ളതെന്നും പറയുമ്പോൾ നന്ദുവിന്റെ വാക്കുകളിൽ അഭിമാനം നിറഞ്ഞു.

2015ൽ ദേശീയ ഗെയിംസ് തിരുവനന്തപുരത്ത് നടന്നപ്പോൾ അതിന്റെ ഉദ്ഘാടനചടങ്ങിൽ മട്ടന്നൂർ ശങ്കരൻകുട്ടിക്കൊപ്പം മേളം അവതരിപ്പിക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം എന്ന് നന്ദു കരുതുന്നു.

മംഗളം എഞ്ചിനീയറിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഗായത്രി 2013ലാണ് നന്ദുവിന്റെ ജീവിതതാളത്തിന്റെ ക്രമമാകുന്നത്. ഇരുവരും ചേർന്ന് ഡിസൈൻ ചെയ്ത, "ശങ്കരം" എന്ന വീടിനെകുറിച്ച് പാർപ്പിടം മാസിക തയാറാക്കിയ ലേഖനത്തിന്റെ തലക്കെട്ട് ഉടമസ്ഥന്റെ കയ്യൊപ്പുള്ള വീട് എന്നാണ്. എല്ലാ മൂലകളിലും ആനയും ചെണ്ടയും കലാരൂപങ്ങളും നിറയുന്ന വീട്. ശങ്കരി എന്ന മൂന്നര വയസ്സുകാരിയാണ് നന്ദുവിന്റെ ജീവിതതാളത്തെ ഇപ്പോൾ നിയന്ത്രിക്കുന്നത്.

ചെണ്ട, ഇടക്ക,ഘടം, മൃദംഗം എന്നിവ അനായാസം കൈകാര്യം ചെയ്യുന്ന നന്ദു നമ്മുടെ ലൈവ് പരിപാടിയിൽ സുഹൃത്തും കലാകാരനുമായ ഹരീഷിനൊപ്പം അവതരിപ്പിച്ച ജുഗൽബന്ദി ഏറെ പ്രശംസ നേടിയിരുന്നു. വാദ്യകലകൾ കൈകാര്യം ചെയ്യുന്ന ആളാണെങ്കിലും മറ്റ് പല കലാകാരന്മാരിൽ നിന്നും വ്യത്യസ്തമായി എവിടെ മേളമുണ്ടായാലും അവിടെ നല്ലൊരു ആസ്വാദകനായും നന്ദു എത്തും. നന്ദുവിന്റെ ആനക്കമ്പവും സുഹൃത്തുക്കൾക്കിടയിൽ ഏറെ പെരുമായുള്ളതാണ്.

മുടിയേറ്റ്, പടയണി, കഥകളി, സോപാനസംഗീതം തുടങ്ങിയ എല്ലാ നാടൻകലാരൂപങ്ങളോടും ഇഷ്ടമുള്ള നന്ദുവിന് ഇതേക്കുറിച്ചുള്ള പഠനവും
ഏറെ കൗതുകകരമാണ്.
ഇത്തരം കൗതുകങ്ങൾക്കൊപ്പം ഫോട്ടോഗ്രാഫിയെയും നെഞ്ചിലേറ്റുന്ന നന്ദുവിന് ഫോക്‌ലോറുകളുടെ ചിത്രങ്ങൾ പകർത്താനാണ് ഏറെ താല്പര്യം. ഫോട്ടോഗ്രാഫിയിൽ നിരവധി സമ്മാനങ്ങളും നന്ദു നേടിയിട്ടുണ്ട്. യൂ കെ ആസ്ഥാനമായുള്ള ഫോട്ടോ ക്രൗഡ്

എന്ന സംഘടന നടത്തിയ മത്സരത്തിൽ ലഭിച്ച സമ്മാനം അതിൽ പ്രത്യേക പരാമർശം അർഹിക്കുന്നു.

നന്ദുവിന്റെ കലാസപര്യകൾ ഇനിയും ഏതൊക്കെ മേഖലകളിൽ എത്തിച്ചേരുമെന്ന് പറയാനാവില്ല എന്നാണ് നന്ദുവിനോട് സംവദിക്കുമ്പോൾ തോന്നിയത്. ആത്മവിശ്വാസം തുളുമ്പുന്ന ആ വാക്കുകളുടെ വ്യക്തിത്വത്തിന് കലയുടെ മേളപ്പെരുമകളിൽ എത്താൻ കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് ഹൃദയപൂർവം ആശംസിക്കുന്നു.

**English Version**

Kadamanitta Padayani....
As the rhythm of the song arose under the leadership of Prof. Kadamanitta Vasudevan Pillai, former Vice Chairman of Indian Folklore Academy, the steps of the folkdance grew steadier. The child had accompanied his banker father ,also an art lover, and cultural activist to watch Padayani. He also seemed to enjoy it well, so well that he began training and practicing for it. But being Kottayam born, he did not get much opportunities for this artform and had to rely on cassettes. He followed it for three or four years at the end of which he too joined the band of singers in singing.

An year later, the fourth standard student became the main singer for the 'Pisachu' character and became renowned for it. This young boy who has proved his mettle in several arts is our talented banker for this edition.

Nandukrishnan
South Indian Bank
Retail Hub
Bengaluru

Born at Kumaranalloor, Kottayam to Sri.Gopinathan Nair, retired Asst Manager, South Indian Bank and Smt.Sreelatha Devi, little Nandu was drawn to all sorts of artforms. He fondly remembers the famous artistes who were friends with his father and stayed at their home. He cherishes the opportunity that he had to interact with stalwarts like Kunjunni Master and Pallavur Appumarar. Folk artforms attracted him the most.

He learnt upto tenth standard at Sri Vidyadhiraja Vidya Bhavan school. Though he learnt music from Sri. Kumaranalloor Radhakrishnan these days his interest in beats and instruments led him to Sri. Kumarakom Ganesh Gopalan. He trained with him to play Ghatom to his desire against the wishes of his guru who wanted to teach him Mridangam.

As his interests changed, Nandu shifted to Chenda and thereby became the disciple of Kumaranalloor Somasekharan Marar. By then Nandu had reached high school. It was during this period that he began participating in competitions and won the first place in Thayambaka consecutively and also A grade at state level.

Though Nandu loved being out of school for competitions, it was not to be. It was then that he got admitted to MGM NSS school, Llakkaattoor for his plus two course. This school which gave much importance to the development of artistic and cultural taste in students played a very important role in transforming Nandu into the artiste as we know him today.

Plenty of like minded friends with similar tastes, encouraging teachers and tutelage under Sri. Kalalayam

Unnikrishnan for the students learning Chenda for daily classes before and after school, rounded him up. For the next two years, Nandu and his team won the first place at state level for Chendamelam and Panchavadyam.

Nandu's voice falters as he narrates one instance when his guru met with an accident on their return from the district level competitions and was admitted in a hospital. The students were in a limbo as to who would train them and stand by them for the state level competitions but began training vigorously for the competition. Finally the day of the competition arrived and the students visited their guru at the hospital and paid obeisance to him and sought his blessings. With a heavy heart, they played on stage, not just to win the competition but to honour their guru. The results came and to no one's surprise, Nandu and his team won the first place again.

After plus two, like most students, Nandu too was confused. But he was clear that his training in Chenda should run uninterrupted.

At that time, a Melam was held at Irinjalakuda temple under the lead of Sri.Peruvanam Satheesan Marar. Nandu travelled to Irinjalakuda from Kottayam. He requested the lead that he wanted to be his disciple. When the guru accepted his request, Nandu joined for his graduation course at Thrissur at Prajyothi Niketan near his guru's house. The subject was computer science. It was the beginning of a golden period in Nandu's life.

Along with his studies, he did many programmes, that at famous temples in Irinjalakuda, Tripunithura, Peruvanam and Arattupuzha accompanying maestros like Peruvanam Satheesan Marar, Peruvanam Kuttan Marar, Mattannur Sankarankutty Marar, Mattannur Sivaraman, Kallur Ramankutty Marar and Kalanilayam Udayan Namboothiri. He is enthralled when he recollects the opportunity that he had to present his art before the benevolent goddess of Kumaranalloor in his hometown.

He also won accolades at the University level. He was the D zone winner in the event held by Calicut University.

He joined the bank soon after his graduation and has great regard for Mattannur Sivaraman who imparted more knowledge to him while visiting his house. Nandu joined the South Indian Bank in 2010 in its marketing department. This took him to its Etumanoor, Vellor, Kanjikuzhi, Kottayam and Kottayam medical college branches and got promoted in 2018 as assistant manager and got posted to the Retail Hub in Bengaluru.

Nandu is proud that he never takes an off from his official work to support his art and does it only after banking hours and on holidays despite the huge support he receives from the bank.

He considers it his biggest achievement that he was able to perform alongside Mattannur Sankarankutty during the Melam conducted during the inauguration of National Games in Trivandrum in 2015.

He married Gayatri who is working as Asst. Professor at Mangalam engineering college in 2013. The house jointly designed by them, lovingly named 'Sankaram' found its place in the article published in the Parpidom magazine. It is filled with memorabilia by its owner and has Chenda artforms and elephant artifacts in every nook and corner. He has a daughter named Sankari.

He handles Chenda, idakka, Ghatom and Mridangam effortlessly and we all witnessed his talents in the jugalbandi performance that he did with Harish in our live program. Unlike other performers, he also attends concerts just as an audience. His friends appreciate Nandu's fondness to elephants.

Nandu loved all traditional arts including Mudiyettu, Padayani, Kathakali and Sopanageetham and is also interested in research on those subjects. His passion towards photography blended with these interests enable him to take beautiful photographs with folklore as his subject. He has also won many prizes for the same. The

one he got from the UK based group called Photo Crowd requests special mention.

You never know where Nandu's interests may lead him to. His words effuse confidence and we wish this charming personality all the very best from the depth of our hearts.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Gayathry T R (Gayathry Tr) , State Bank of India, Thejaswini Branch, Thiruvananthapuram